ഉത്തരം

(എ) അല്ല.

(ബി) കേന്ദ്ര മേഖലാ പ്രോജക്ടുകളിലെ അംഗനവാടികളിലെ വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും ഹോണറേറിയം, അംഗനവാടി കെട്ടിടങ്ങളുടെ വാടക എന്നിവ കേന്ദ്ര ഗവൺമെൻറാണ് വഹിക്കുന്നത്. കേന്ദ്ര സംസ്ഥാന മേഖലാ പ്രോജക്ടുകളിലെ എല്ലാ അംഗനവാടി പ്രവർത്തകരുടേയും പരിശീലനച്ചെലവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. പ്രോജക്ടുകളിലെ അനുപൂരക പോഷകാഹാരത്തിന് വേണ്ടി വരുന്ന ചെലവും സംസ്ഥാന–മേഖലാ പ്രോജക്ടുകളുടെ പ്രവർത്തനത്തിന് വേണ്ടി വരുന്ന തുകയും സംസ്ഥാന സർക്കാരാണ് ചെലവാക്കുന്നത്.

(സി) 1985–86 സാമ്പത്തിക വർഷത്തിൽ കേന്ദ്ര മേഖലയിലുള്ള പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾക്കായി 2,15,07,000 രൂപയും അംഗനവാടി പ്രവർത്തകരുടെ പരിശീലനത്തിനായി 27,33,600 രൂപയും കേന്ദ്രം നൽകിയിട്ടുണ്ട്.

II ശ്രദ്ധ ക്ഷണിക്കൽ

(1) പുനരധിവാസ ഭവനനിർമ്മാണ പദ്ധതിക്ക് ധനസഹായം നൽകാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. സി.ടി. കൃഷ്ണൻ: സർ, സന്നദ്ധസംഘടനകൾ മുഖേന നിർമ്മിക്കുന്ന നമ്മുടെ സംസ്ഥാനത്തെ പുനരധിവാസ പദ്ധതിയനുസരിച്ചുള്ള പതിനായിരക്കണക്കിന് വീടുകളുടെ ശോച [9.30 a.m.] നീയാവസ്ഥയിലേയ്ക്കാണ് ഞാൻ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഇവിടെ കൊട്ടിഘോഷിച്ചു കൊണ്ടാണ് സന്നദ്ധസംഘടനകളുടെ വീടുനിർമ്മാണത്തെക്കുറിച്ച് മന്ത്രിയും ഗവൺമെൻറും പ്രചാരവേലകൾ നടത്തുന്നത്. ആയിരക്കണക്കിനല്ല പതിനായിരക്കണക്കിനു വീടുകളുടെ പണി പൂർത്തിയാകാതെ പ്രവർത്തനം സ്തംഭിച്ചുനിൽക്കുന്ന ഒരു ദയനീയാവസ്ഥയാണ് ഇപ്പോഴുള്ളത്. 6,000 രൂപയുടെ വീടുകളാണ് നിർമ്മിക്കുന്നത്. മൂന്നു ഗഡുക്കളായിട്ടാണ് പണം നൽകുന്നത്. 1,500, 2,500, 2,000 രൂപ എന്നീക്രമത്തിലാണ് രൂപ നൽകുന്നത്. ആ പൈസ തക്കസമയത്ത് കൊടുക്കുന്നില്ല. മന്ത്രി പറഞ്ഞ കണക്കനുസരിച്ച് നോക്കിയാൽ ആയിരക്കണക്കിന് ആളുകൾക്ക് സംഖ്യ കൊടുക്കാൻ ബാക്കിയുണ്ട്. ഇന്ന് പലരും പെരുമഴയത്ത് മരച്ചുവട്ടിലും മറ്റുമായി അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്. അയൽവാസികളുടെ വരാന്തകളിലാണ് ഭൂരിപക്ഷം ആളുകളും താമസിക്കുന്നത്. ഭവനനിർമ്മാണ പദ്ധതിക്കുള്ള അംഗീകാരം ലഭിച്ചുവെന്നുള്ളതുകൊണ്ട് വീട് കിട്ടുമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ, ഉള്ള കൂരകൾ പൊളിച്ചുമാറ്റി തറപ്പണി ആരംഭിച്ചു. തറപ്പണി ആരംഭിച്ച് സ്റ്റേറേജ് സർട്ടിഫിക്കറ്റ് കൊടുത്തിട്ടും രണ്ടാംഗഡു കൊടുക്കുന്നില്ല. 1,500 രൂപകൊണ്ട് ഒരു വീട് പൂർത്തിയാകുകയില്ല. രണ്ടാംഗഡുവും മൂന്നാംഗഡുവും പൂർണ്ണമായി കിട്ടിയെങ്കിൽമാത്രമേ ഈ പണി പൂർത്തിയാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയുള്ളൂ. അതിനുവേണ്ടി വില്ലേജാഫീസുകളിലും താലൂക്കാഫീസുകളിലും കളക്ടറേറ്റുകളിലും പാവപ്പെട്ട ആളുകൾ, ദുർബ്ബലരായിട്ടുള്ള ആളുകൾ ഓടിപ്പാഞ്ഞു നടക്കുകയാണ്. ഇങ്ങനെ വീടുകൊടുക്കാമെന്നു പറഞ്ഞ് ആളുകളെ മോഹിപ്പിച്ചിട്ട് അവരെ പെരുവഴിയിലിറക്കുന്ന ഒരു സമീപനം എത്രയായാലും ശരിയല്ല. മന്ത്രി ഇവിടെ പറഞ്ഞത് 83,166 വീടുകൾ പണികഴിപ്പിച്ചുവെന്നാണ്. 24,244 പേർക്കാണ് ഒന്നാം ഗഡു കൊടുത്തിട്ടുള്ളത്. മന്ത്രിതന്നെ ഉത്തരവിട്ടതനുസരിച്ച് 58,922 പേർക്ക് രണ്ടാംഗഡു കൊടുക്കാൻ ബാക്കിയുണ്ട്. 1,02,515 വീടുകൾ സെപ്റ്റംബർ 30-ാം തീയതിയോടുകൂടി പൂർത്തിയാകും. ഒക്ടോബർ രണ്ടിന് വീണ്ടും ഒരുലക്ഷം വീടിന്റെ പണി ആരംഭിക്കുമെന്നാണ് പറയുന്നത്. ഇതെങ്ങനെയാണ് സർ? കൊല്ലത്തോടുകൊല്ലം വീടുപണിയാണ്. ഇപ്പോൾ മഴപെയ്തുകൊണ്ടിരിക്കുകയാണ്. മഴ പെയ്യുന്ന ഈയവസരത്തിൽ സന്നദ്ധസംഘടനകളുടെ വാക്കുകേട്ട്, മന്ത്രിയുടെ പ്രസ്താവനകേട്ട് ആളുകൾ ഉള്ള കൂരകൂടിപോലും പൊളിച്ചിട്ടിരിക്കുകയാണ്. പത്രങ്ങളിലൊക്കെ വന്ന വാർത്തയാണ് സർ. മന്ത്രി ചിരിക്കുകയാണ്. വീട് മോഹിച്ചവർ നട്ടം തിരിയുന്നു. മന്ത്രി ഇത് വായിച്ചിട്ടുണ്ടോയെന്നറിയില്ല. 'കണ്ണീരിലും മഴയിലും കുതിരുന്ന വീടുപദ്ധതി' എന്നാണ് മലയാളമനോരമ പറഞ്ഞത്. (മെമ്പർ പത്രം സഭയിൽ കാണിച്ചു) മുഴുവൻ വായിക്കേണ്ട കാര്യമൊന്നുമില്ല. വീടുപണി സ്തംഭിപ്പിച്ച് കേരളത്തിലെ പതിനായിരക്കണക്കിന് ആളുകളെ പെരുവഴിയിലേയ്ക്ക് തള്ളിവിടുന്ന ഒരു സ്ഥിതിയാണിപ്പോഴുള്ളത്. തലയ്ക്കുമീതെ ശൂന്യാകാശം താഴെ മരുഭൂമി ആ സ്ഥിതിയിലാണ് ഭവനനിർമ്മാണപദ്ധതിയിപ്പോൾ. ആ സ്ഥിതിയാണ് സന്നദ്ധസംഘടനകൾ മുഖേന മുൻകൈയെടുത്ത് വീടുകൾ നിർമ്മിച്ചുകൊടുത്തതിന്റെ ഫലമായിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ ഒരു കണക്ക് പറയാം. 6568 ആളുകൾക്ക് വായ്പകൊടുക്കാൻവേണ്ടി പാസാക്കി. 4,550 ആളുകളുടെ അപേക്ഷകൾ അംഗീകരിച്ചു. 1,090 പേർക്ക് ഇപ്പോഴും ഒന്നാം ഗഡുപോലും കൊടുത്തിട്ടില്ല. അവരുടെ ആധാരമെല്ലാം കളക്ടറേറ്റുകളിലാണ്. കുടികിടപ്പു സർട്ടിഫിക്കറ്റ് വേണം, ആധാരം വേണം. ഇങ്ങനെയുള്ള സകല ബുദ്ധിമുട്ടുകളും സഹിച്ചിട്ടാണ് ഈ ആധാരമെല്ലാം കളക്ടറേറ്റുകളിൽ കൊണ്ടുപോയി കൊടുത്തത്. 20 സെൻറുഭൂമിയുള്ളവർക്ക് അതിൽ അഞ്ചു സെൻറ്ഭൂമി വിറ്റെങ്കിലും വീട് പൂർത്തിയാക്കാമെന്നു വിചാരിച്ചാൽ ആധാരം കിട്ടാത്തതുകൊണ്ട് അവർക്ക് അതിനും നിവൃത്തിയില്ലാത്ത ഒരു സ്ഥിതിയാണിപ്പോൾ. ആലപ്പുഴ ജില്ലയിൽ 16,000 വീടുകളാണ് സന്നദ്ധസംഘടനകൾ മുഖേന പണികഴിപ്പിക്കാൻ ഉള്ളത്: അവിടെ കർഷകത്തൊഴിലാളികളടക്കം സമരത്തിലാണ്. കോട്ടയം ജില്ലയിൽ 9,110 ആണ്. ആയിരക്കണക്കിന് വീടുകൾ സന്നദ്ധസംഘടനകൾവഴി നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. വീടു നിർമ്മിക്കുന്നതിനാവശ്യമായ തുക ഗുരുപ്പയോഗപ്പെടുത്തുന്നവിധത്തിൽ, ആളുകൾക്ക് അതിൽ വിശ്വാസം നഷ്ടപ്പെടുന്നവിധത്തിൽ സന്നദ്ധ സംഘടനകൾ അതിൽനിന്ന് പുറകോട്ടു പോകുന്ന ഒരു സ്ഥിതിയാണ്. ഇപ്പോൾ ഇതിന്റെ പ്രവർത്തനം സ്തംഭിച്ചുനിൽക്കുകയാണ്. പണം കൊടുക്കാത്തതുകൊണ്ടാണ് പണി സ്തംഭിച്ചുനിൽക്കുന്നത്. ഒന്നാം ഗഡുവും രണ്ടാം ഗഡുവും മൂന്നാം ഗഡുവും കൊടുത്താൽമാത്രമേ പണി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം ഗഡുപോലും ചിലതിന് കൊടുത്തിട്ടില്ല. വാർഷികാഘോഷ വേളയിൽ മൂന്നാംഗഡുവെന്നുപറഞ്ഞ് മന്ത്രി ആലപ്പുഴയിൽ പോയി കൊടുത്തില്ലേ? വണ്ടിച്ചെക്കുകളാണ് കൊടുത്തത്. ഇങ്ങനെ ഈ പാവപ്പെട്ടവരെ ദ്രോഹിക്കണോ? നറുക്ക് കമ്പനിക്കാർ ചെയ്യുന്നതുപോലെ വീടിനുവേണ്ടി പൈസകൊടുക്കുമ്പോൾ ചെക്ക് കൊടുക്കുന്നു. രണ്ടാഴ്ചയും മൂന്നാഴ്ചയും മൂന്നുമാസവും കഴിഞ്ഞിട്ടും ദുർബല ജനവിഭാഗങ്ങൾക്ക് കൊടുക്കുന്ന ചെക്കുകൾ മാറിക്കിട്ടുന്നില്ല. അവർക്ക് യഥാർത്ഥത്തിൽ പണമുള്ള ചെക്കുകൾ കൊടുക്കണം. കൊടുത്ത ചെക്കും കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണവർ. ഹരിജനങ്ങളുൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങളുടെ പുനരധിവാസപദ്ധതിയാണിത്. ഇപ്പോൾ സമരം നടക്കുകയാണ്. വീടില്ല, മഴയത്ത് കിടക്കാൻ നിവൃത്തിയില്ലെന്നും പറഞ്ഞുകൊണ്ട് ആളുകൾ കളക്ടറേറ്റിലും സെക്രട്ടേറിയറ്റിലും സമരം നടത്തുകയാണ്. ഒരുകാര്യം ഞാൻ മന്ത്രിയോടു പറയുകയാണ്. അടിയന്തിരമായി ഇവർക്ക് പണം കൊടുത്തില്ലെങ്കിൽ ഇവർ വില്ലേജാഫീസുകളിലും താലൂക്കാഫീസുകളിലും കളക്ടറേറ്റിലുമൊക്കെ കയറി താമസിക്കുമെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. വേണ്ടിവന്നാൽ മന്ത്രിയുടെ വീട്ടിലേയ്ക്കും അവർ വരാൻ തയ്യാറാണ്. എവിടെ കിടക്കുമിവർ? ഗവൺമെൻറിന്റെ വാക്കുകേട്ടിട്ടാണ് ഉള്ള കുടിൽ പോലും പൊളിച്ചുകളഞ്ഞത്. കുഴൽമന്ദത്ത് 20 വീടുകൾ വീണുപോയി. ചുമരുകെട്ടി മേൽക്കൂര മേയാൻ പൈസയുമില്ല. വീടുകൾ ഇടിഞ്ഞു പോകുകയാണ്. ആയിരക്കണക്കിനാളുകളെ കണ്ണീരിലാഴ്ത്തിയ ഈ ദുഃസ്ഥിതി മാറണം. വളരെ നല്ലൊരു പദ്ധതിയെ വിഷമത്തിലും കണ്ണീരിലുമാക്കി ആയിരക്കണക്കിനാളുകളെ പെരുമഴയത്തേയ്ക്ക് ഇറക്കിവിടുന്ന ഈ സ്ഥിതി മാറണം. 60 കോടി രൂപയുടെ ഈ പദ്ധതിയെ വളരെ ലാഘവത്തോടുകൂടി കണാതെ വീടുണ്ടാക്കാൻ പരിശ്രമിക്കണം. പണമില്ലെന്ന് പറയരുത്. എവിടെനിന്നായാലും പൈസയുണ്ടാക്കിക്കൊടുക്കണം. ഇവിടെ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ടല്ലോ? നല്ലൊരു പദ്ധതിയാണിത്. ഈ പദ്ധതി നഷ്ടപ്പെടുത്താതെ ഒന്നാം ഗഡുവും രണ്ടാം ഗഡുവും മൂന്നാം ഗഡുവും എല്ലാം തക്കസമയത്ത് കൊടുക്കണം. സമയത്തിന് സ്റ്റേറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെന്ന് പറഞ്ഞ് തടസ്സപ്പെടുത്തരുത്. അവരെല്ലാംതന്നെ സ്റ്റേറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളവരാണ്. ഈ പദ്ധതി കൃത്യസമയത്തുതന്നെ നടപ്പിലാക്കുന്നതിനാവശ്യമായ പൈസകൊടുക്കണം, അതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ശ്രീ. സി.ടി. കൃഷ്ണൻ ഇതൊരു നല്ല പദ്ധതിയാണെന്നിവിടെ പറയുകയുണ്ടായി. അതിന് ആദ്യമേതന്നെ ഞാൻ നന്ദി രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ആശങ്ക, അദ്ദേഹം പ്രകടിപ്പിച്ച വികാരങ്ങളെല്ലാംതന്നെ വളരെ പ്രസക്തമായിട്ടുള്ളതാണ്. പക്ഷേ ഈ പദ്ധതിയുടെ വേഗതയെപ്പറ്റി അദ്ദേഹം പറഞ്ഞത് തെറ്റിദ്ധാരണകൊണ്ടാണ്. ജനുവരി 31-ാം തീയതിമാത്രമാണ് ഇതിന്റെ ആപ്ലിക്കേഷൻസ് ക്ലോസ് ചെയ്തത്. ഒരുലക്ഷം അപേക്ഷകൾ ക്ഷണിച്ചുവെങ്കിലും ഡിസംബർ 31 ആയപ്പോൾ 50,000 അപേക്ഷകൾമാത്രമേ കിട്ടിയുള്ളൂ. അതുകൊണ്ട് ഒരുമാസം നീട്ടിക്കൊടുത്തു. ജനുവരി 31-ാം തീയതി ക്ലോസ് ചെയ്തപ്പോൾ ഉണ്ടായിരുന്ന അപേക്ഷകൾ ഒരുലക്ഷത്തിരണ്ടായിരമായിരുന്നു. ഒരുലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

വീടിനുള്ള പദ്ധതിയാണ് തയ്യാറാക്കിയത്. അതിൽ കൂടുതൽ ഏറെ ടുത്താൽ പിന്നെ സാമ്പത്തികമായ ബുദ്ധിമുട്ടുവരും, പണമുണ്ടാകു കയില്ല കൊടുക്കാൻ. ജനുവരി 31–ാം തീയതി ക്ലോസ് ചെയ്തിട്ട് ഒരു മാസംകൊണ്ട് ഈ അപേക്ഷകളും മുഴുവനും പരിശോധിച്ചു. ഒരു ലക്ഷം ഫയലുകളാണുള്ളത്. അത് മുഴുവൻ പരിശോധിച്ചു. ഓരോ ജില്ല യിലും അതിനുള്ള ഏർപ്പാടുകളുണ്ടാക്കി. ഒരുമാസംകൊണ്ട് ഇതുമുഴുവൻ സാങ്ഷൻ ചെയ്തു. സാധാരണഗതിയിൽ ഇതിനപേക്ഷിക്കുമ്പോൾ തിരുവനന്തപുരത്തേയ്ക്ക് അയച്ചാണ് സാങ്ഷൻ ചെയ്തുകൊണ്ടിരു ന്നത്. ഇത്തവണ അധികാരവികേന്ദ്രീകരണം നടത്തി 14 ജില്ലകളിലു മാക്കിയതുകൊണ്ടാണ് ഒരു മാസംകൊണ്ട് ഇത് അനുവദിക്കാൻ കഴിഞ്ഞത്. അങ്ങനെ ഒരു മാസംകൊണ്ട് സാങ്ഷൻ ചെയ്തു. അടുത്ത ഒരുമാസത്തി നുള്ളിൽ ഒന്നാംഗഡു മുഴുവൻ കൊടുക്കും. ഒരുലക്ഷത്തിരണ്ടായിരം പേർക്ക് ഒന്നാം ഗഡുവായ 1,500 രൂപവച്ച് വിതരണം ചെയ്യും. അത് വിതരണം ചെയ്താൽ തറ തീർന്ന സർട്ടിഫിക്കറ് ലഭിക്കണം. രണ്ടാം ഗഡു അങ്ങനെയാണ് കൊടുക്കുന്നത്. തറ തീർന്ന സർട്ടിഫിക്കറുകളും ഇന്നുവരെ സംസ്ഥാനത്താകെ ലഭിച്ചിട്ടുള്ളത് 85,000 കേസുകളിലാണ്. ഒരു മാസം മുമ്പുവരെ ലഭിച്ച സർട്ടിഫിക്കറുകളും മിക്കവാറും . ജില്ലയിൽ കൊടുത്തു കഴിഞ്ഞിരിക്കുന്നുവെന്ന് പറയാൻകഴിയും. ഞാൻ മിക്ക വാറും ജില്ലയിലെന്നുപറഞ്ഞത് മനഃപൂർവ്വമാണ്. ആലപ്പുഴ ജില്ലയൊ ഴിച്ച് എന്നു ഞാൻ പറയുന്നു. പക്ഷേ അതിനുള്ള ഏർപ്പാടുകളാക്കിയി ട്ടുണ്ട്. 85,000 കേസുകളും ലഭിച്ചതിൽ 70,000 കേസുകളിലും രണ്ടാംഗഡു കൊടുത്തുകഴിഞ്ഞു. ഇന്നുരാവിലെ ഞാൻ കളക്ടറേറുമായി ബന്ധ പ്പെട്ടു. 70,000 കേസുകളിലും രണ്ടാംഗഡു കൊടുത്തുകഴിഞ്ഞു. 80 കോടി രൂപയുടെ ഒരു പദ്ധതിയിൽ 45 കോടി രൂപ വായ്പ ലഭിക്കേണ്ട താണ്. ആ വായ്പ പ്രതീക്ഷിച്ച സ്ഥാപനങ്ങളിൽനിന്ന് ലഭിക്കാ ഞ്ഞിട്ട് കമേഴ്സ്യൽ ബാങ്കിൽനിന്നും എച്ച്.ഡി.എഫ്.സി.യിൽ നിന്നും ദിവസേനയെന്നോണം ഒരു ലക്ഷവും ഒരുകോടിയും രൂപ വാങ്ങിച്ചു കൊണ്ടാണ് ഇത് കൊടുത്തുകൊണ്ടിരിക്കുന്നത്.

പാലക്കാടുജില്ലയിലെ 4596 കേസ്സുകളിലാണ് ഒന്നാം ഗഡു കൊടു ത്തിട്ടുള്ളത്. ഒരു ലക്ഷത്തിന്റെ സ്കീമാണ് ഇപ്പോഴുള്ളത്. ഒരു ലക്ഷ ത്തിന് മുകളിലുള്ള അപേക്ഷകളൊന്നും എടുത്തിട്ടില്ല. ഇപ്പോഴത്തെ 4,596 കേസ്സുകളിലാണ് ഒന്നാം ഗഡു കൊടുത്തിട്ടുള്ളത്. അതിൽ 2–ാം ഗഡുവിന് തറ തീർന്ന സർട്ടിഫിക്കറ് ലഭിച്ചിട്ടുള്ളത് 3,900 കേസ്സു കളിലാണ്. അതിൽ 3,000 കേസ്സുകൾക്ക് 2–ാം ഗഡു കൊടുത്തു കഴിഞ്ഞു. ഇത് വളരെ കൃത്യമായ കണക്കുകളാണ്. പാലക്കാടു ജില്ലാ കളക്ടറേറിൽ വിളിച്ചു ചോദിച്ചശേഷമാണിത് പറയുന്നത്. ബാക്കി യുള്ള ഏതാണ്ട് ആയിരത്തോളം കേസ്സുകൾക്ക് 2–ാം ഗഡുവിനുള്ള ചെക്ക് എഴുതി വച്ചിരിക്കുകയാണ്. അവയ്ക്ക് രൂപ കൊടുക്കുന്നതി നുള്ള തുക ഇപ്പോൾ കളക്ടറേറിൽ ഉണ്ട്. പാലക്കാടുജില്ലയിൽ സർട്ടിഫിക്കറ് ലഭിച്ചിട്ടുള്ള മുഴുവൻ കേസ്സുകളിലും 2–ാം ഗഡു കൊടുത്തുകഴിഞ്ഞിട്ടുണ്ട്. 3–ാം ഗഡുവിനുള്ള സർട്ടിഫിക്കറും പാലക്കാടു ജില്ലയിൽ ലഭിച്ചിട്ടുണ്ട്. 3–ാം ഗഡുവിനുള്ള സർട്ടിഫിക്കറ് ലഭിച്ചിട്ടുള്ളത്, ആകെ 1,300 കേസ്സുകളിലാണ്. ആലപ്പുഴയിൽ 1,070 കേസ്സുകൾക്കും 3–ാം ഗഡു കൊടുത്തുകഴിഞ്ഞിട്ടുണ്ട്. വളരെ കൃത്യ മായിട്ടുള്ള കണക്കുകളാണിത്. നിയമസഭയെ തെറ്റിദ്ധരിപ്പിക്കേണ്ട കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇന്ന്, 300—ൽ താഴെ കേസ്സുകൾക്കാണ് 3—ാം ഗഡു കൊടുക്കുവാനുള്ളത്. അവയും രണ്ടോ മൂന്നോ ദിവസങ്ങൾക്കുള്ളിൽ കൊടുത്തുതീർക്കും, അക്കാര്യത്തിൽ യാതൊരു ആശങ്കയും വേണ്ട. 2—ാം ഗഡുവിനുള്ള 70,000 കേസ്സുകളിൽ രൂപ കൊടുത്തുകഴിഞ്ഞു. 85,000 സർട്ടിഫിക്കറ്റുകളാണ് ലഭിച്ചിട്ടുള്ളത്. ആലപ്പുഴജില്ലയിൽനിന്ന് 15,000 സർട്ടിഫിക്കറ്റുകൾ ലഭിച്ചതിൽ, 10,700 കേസ്സുകളിൽ 2—ാം ഗഡു കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള കേസ്സുകൾക്ക് കൊടുക്കുവാൻ രണ്ടുദിവസത്തിനുള്ളിൽ ഒരു കോടി രൂപ ആലപ്പുഴജില്ലയ്ക്ക് കൊടുത്തിട്ടുണ്ട്. അപേക്ഷകർക്ക് ഏതാനും ദിവസങ്ങൾക്കുള്ളിൽ പണം കൊടുക്കുന്നതാണ്. ഓരോ ദിവസവും ഓരോ ബാങ്കുകളുമായി ചർച്ചചെയ്തു. ഇതുവരേയും കമേഴ്സിയൽ ബാങ്കുകൾ ഹൗസിംഗ് സ്ക്കീമുകൾക്ക് തുക കൊടുത്തിട്ടില്ല. എന്നാൽ ഈ പദ്ധതിക്കുവേണ്ടി 10 കോടിരൂപ അവർ തരാമെന്ന് പറഞ്ഞു. 50 ലക്ഷം രൂപവച്ച് ഓരോ ഗഡുവായി കിട്ടിക്കൊണ്ടിരുന്നു. ഇവിടെ രൂപ കിട്ടിയാൽ പിറ്റേദിവസം തന്നെ അലോട്ടുമെന്റ് നടത്തുന്നതാണ്. ഈ നിലയിൽ ആലപ്പുഴജില്ലയിലുമായി ആകെ 15,000 കേസ്സുകൾ സംസ്ഥാനത്ത് ഉണ്ട്. 16,200 കേസ്സുകളിലാണ് തരതീർന്ന സർട്ടിഫിക്കറ്റുകൾ കിട്ടിയിട്ടുള്ളത്. മൊത്തം 15,000 കേസ്സുകളിൽ 10,700—നും കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ളത് ഒരാഴ്ചയ്ക്കുള്ളിൽ കൊടുക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കുകയും ചെയ്യും. 6—ാം തീയതി ചേർത്തല താലൂക്കിലെ അവശേഷിക്കുന്ന എല്ലാ കേസ്സുകളിലും രൂപ കൊടുക്കുന്നതിനായിട്ട് തീയതിയും നിശ്ചയിച്ചുകഴിഞ്ഞു. സർ, ജനുവരി 31—ാംതീയതി അപേക്ഷ ക്ലോസ് ചെയ്ത ഒരു കേസ്സിൽ ഇപ്പോഴും ജൂൺ മാത്രമേ ആയിട്ടുള്ളു. ഒരു വർഷത്തിൽ ഏതെങ്കിലും ഒരു ഭവന നിർമ്മാണ പദ്ധതി ഈ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ, ഇതിനുമുൻപ് ഏതെങ്കിലും ഒരു ഗവൺമെൻറിന്റെ കാലത്ത് ? മഴയൊക്കെ എല്ലാ വർഷവും ഉണ്ടാകാറുണ്ട്. ഒരു കൊല്ലത്തിൽ കുറഞ്ഞത് ഒരു ഭവന നിർമ്മാണപദ്ധതിയും പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഈ പദ്ധതി 8 മാസംകൊണ്ട് പൂർത്തിയാക്കുന്നതാണ്. സെപ്തംബർ 30—ാം തീയതിക്കുമുമ്പ് മുഴുവൻ ആളുകൾക്കും കൊടുത്തുകഴിഞ്ഞിരിക്കും. അതിനുള്ള ഏർപ്പാടുകളെല്ലാം ഉണ്ടാക്കിയിരിക്കുന്നു. സ്റ്റേറേജ് സർട്ടിഫിക്കറ്റുകൾ കൊടുത്തിട്ടുള്ള 80% കേസ്സുകളിലും സ്റ്റേറേജ് സർട്ടിഫിക്കറ്റ് കിട്ടിക്കഴിഞ്ഞാൽ, ഒരു മാസത്തിനുള്ളിൽ കൊടുക്കാനുള്ള ഏർപ്പാടുകളുണ്ട്. ഇന്നുമുതൽ അത് കൊടുക്കുകയും ചെയ്യും. പിന്നെ വണ്ടിച്ചെക്കുകൾ കൊടുത്തു എന്നു പറയുന്നത് 1,70,000 ചെക്കുകൾ കൊടുത്തപ്പോൾ 115 ചെക്കുകൾക്ക് പണം കിട്ടിയിട്ടില്ലെന്ന് പറഞ്ഞു വന്നിട്ടുണ്ട്. അതിനെയാണ് ഈ വണ്ടിച്ചെക്കുകൾ കൊടുത്തുവെന്ന് പറയുന്നത്. അത് ശരിയല്ല. ചില ബാങ്കുകളിൽ ചെക്കുകൾ കൊടുത്തപ്പോൾ അവ രണ്ടു ദിവസം കഴിഞ്ഞാണ് ബ്രാഞ്ചുകളിൽ കൊടുത്തത്. ഒരു ചെക്കുപോലും മടങ്ങിയിട്ടില്ല. ബാങ്കിംഗിനെക്കുറിച്ച് അറിയാവുന്നവർക്കെല്ലാമറിയാം. ചെക്ക് കൊടുത്തുകഴിഞ്ഞാൽ ഒന്നോ രണ്ടോ ദിവസം കഴിഞ്ഞു മാത്രമേ പണം കിട്ടുകയുള്ളൂവെന്ന്. തിരുവനന്തപുരത്തുനിന്നുകൊണ്ട് അയച്ചുകൊടുത്തിട്ട്, അവിടത്തെ ബ്രാഞ്ചിൽ പിറ്റേദിവസം കളക്ടറേറ്റിൽനിന്നു കൊടുക്കാനുള്ള ഏർപ്പാട് ഉണ്ട്. സർ, ഒരു സംശയവും വേണ്ട, എട്ടോ പത്തോ ദിവസത്തിനുള്ളിൽ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പാലക്കാടു ജില്ലയിൽ രണ്ടുദിവസം കഴിയുമ്പോൾ അന്വേഷിച്ചാൽ അറിയാൻ കഴിയും. ഇന്നു രാവിലെയും ഞാൻ വെരിഫൈ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതാണ്. 25 ലക്ഷം രൂപയുടെ ചെക്കുകൾ അവിടെ എഴുതിവച്ചിട്ടുണ്ട്. രൂപ കിട്ടിയതിനുശേഷം രണ്ടാം ഗഡു മുഴുവൻ രണ്ടുദിവസത്തിനുള്ളിൽ കൊടുത്തിരിക്കും. 3—ാം ഗഡുവിന്റെ ബാക്കി, 300 കേസ്സുകളേയുള്ളൂ. അവയും രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ കൊടുത്തു തീർക്കും. ഇതെല്ലാം കഴിഞ്ഞ രണ്ടുമൂന്നു ആഴ്ചകൊണ്ട് ഉണ്ടായ പുരോഗതിയാണ്. ശ്രീ. സി.റ്റി. കൃഷ്ണനോട് ഒരു കാര്യം പറയാനുണ്ട്. ഒരു വർഷം 15,000 വീടുകൊടുപോലും ദുർബലവിഭാഗങ്ങൾക്ക് തീർത്തുകൊടുക്കാതിരുന്ന സാഹചര്യത്തിൽ ഒരു പദ്ധതിയിൽ മാത്രം ഒരു ലക്ഷം വീട് 8 മാസംകൊണ്ട് തീർക്കുന്ന ഒരു പരിപാടിയിൽ 80% പുരോഗതി ഇപ്പോൾ തന്നെ കൈവരിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു സന്നദ്ധ സംഘടനകൾക്കും ബുദ്ധിമുട്ടില്ല. ഇവരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കാസർകോഡ് മുതലുള്ള എല്ലാ ജില്ലകളിലും ഞാൻ കഴിഞ്ഞ രണ്ട് ആഴ്ചകൾക്കുള്ളിൽ പോയിട്ടുണ്ട്. അവിടെയും ഒരു കേസ്സുപോലും ഇപ്പോൾ പെൻഡിംഗിലില്ല. രണ്ടോ മൂന്നോ ജില്ലകളിലാണ് കേസ്സുകൾ പെൻഡിംഗ് ഉണ്ടായിരുന്നത്. അതും കേസ്സുകൾ വളരെ കൂടുതലുള്ള ജില്ലകളിലായിരുന്നു അപ്രകാരം ഉണ്ടായിരുന്നത്. അവയും ഒരാഴ്ചയ്ക്കുള്ളിൽ തീർക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ഈ പദ്ധതിക്ക് എല്ലാവരും നൽകുന്ന പിൻതുണയ്ക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. സി.റ്റി. കൃഷ്ണൻ: സർ, മന്ത്രി പറയുന്നത്, ഭാഗികമായിട്ട് സത്യവും ബാക്കി അർദ്ധസത്യവുമാണ്. മുഴുവൻ ആളുകൾക്കും കൊടുത്തുവെന്ന് പറയുന്നത് ശരിയല്ല. ഞാൻ അതിനെപ്പറ്റി ഇപ്പോൾ ഒന്നും പറയുന്നില്ല. ഈ കൊല്ലംകൊണ്ട് പൂർത്തിയാക്കുന്നത് സെപ്റ്റംബറിൽ ആരംഭിച്ച് ഏപ്രിൽ മാസത്തിൽ പൂർത്തിയാക്കണം. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ കേരളത്തിൽ മഴയാണ്. അതുപോലെതന്നെ ഈ 6,000 രൂപയെന്നുള്ളത്, വർദ്ധിപ്പിക്കണം. ഇപ്പോൾ കൊടുക്കുവാനുള്ള നിരവധിയാളുകൾക്ക് വളരെവേഗം കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം. അതിന് കാലനിർണ്ണയം വരുത്തുന്നതിൽ വ്യത്യാസം വരുത്തണം. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഈ സമയം മാറുകയെന്നുള്ളത് പ്രസക്തമായുള്ള കാര്യമാണ്. പക്ഷേ പദ്ധതിയുടെ നടപടികൾ എല്ലാം പൂർത്തിയാക്കി വരുമ്പോഴേയ്ക്കും ഡിസംബർ 31—ാംതീയതി അപേക്ഷ ക്ലോസ് ചെയ്യാൻ നിശ്ചയിച്ചിരുന്നത്, ഒന്നോ രണ്ടോ മാസത്തിന്റെ വേരിയേഷൻ ഉണ്ടായി. ഇനിയും ഇത്രയും താമസം ഉണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. കാരണം ഇത് നടപ്പാക്കുന്നുവെന്നു ജനങ്ങൾക്ക് ബോദ്ധ്യമായി. ഏതായാലും, സെപ്തംബർ 30—ന് ഇത് പൂർത്തിയായി കഴിഞ്ഞിരിക്കും. അനേകായിരം വീടുകൾ പൂർത്തിയായിരിക്കുന്നു. അടുത്ത പദ്ധതിയിലേക്ക് ഒക്ടോബർ 2—ാം തീയതി മുതൽ അപേക്ഷകൾ സ്വീകരിച്ചുതുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly